പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :542 — 27.02. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. അക്കൗണ്ട്സ് ഓഫീസറുടെ സ്വയം വിരമിക്കൽ

ചോദ്യം

ശ്രീ.പി.സി.ജോർജ്ജ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)എം.എൽ.എ.യുടെ പി.എ. ആയി കേരള നിയമസഭാ സെക്രട്ടേറിയറ്റിൽ ഡെപ്യൂട്ടേഷനിൽജോലിനോക്കി വരുന്ന കെ.എസ്.ഇ.ബി. അക്കൗണ്ട്സ് ഓഫീസർ ശ്രീ തോമസ്സ് ജോർജ്ജ് എന്ന വ്യക്തി ശ്വാസകോശ ശസ്ത്രക്രിയയ്ക്ക് വിധേയനായതിനെ തുടർന്ന് ഡോക്ടർമാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റോടെയും എം.എൽ.എ. യുടെ ശുപാർശകത്ത് സഹിതവും വോളന്ററിയായി വിരമിക്കാൻ 22.11.17 -ൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷയിൽ ബഹു. മന്ത്രി, കെ.എസ്.ഇ.ബി.ലിമിറ്റഡ് സി.എം.ഡി.ക്ക് നൽകിയ ഉത്തരവ് എന്താണെന്ന് വ്യക്തമാക്കാമോ;ഈ ഉത്തരവിന്റെയും അപേക്ഷയുടെയും പകർപ്പ്(ബോർഡ് സെക്രട്ടേറിയറ്റ് ഫയൽ നം. Estt.IV/3172/2016) ലഭ്യമാക്കാമോ;<br>(ബി)വോളന്ററി റിട്ടയർമെന്റിന് അനുകൂലമായ ബഹു. വകുപ്പ് മന്ത്രിയുടെ ഉത്തരവ് ഉണ്ടായിട്ടും ബോർഡ് അധികൃതർ ടിയാൻ നിലവിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും കത്ത് മുഖാന്തരം എൻ.എൽ. | (എ) (ബി) (സി) & (ഡി)<br>ശ്രീ. പി.സി. ജോർജ്ജ് എം.എൽ.എ. - യുടെ പി.എ. ആയി ജോലി നോക്കിവരുന്ന ശ്രീ. തോമസ്. ജോർജ്ജ് (അക്കൗണ്ട്സ് ഓഫീസർ കെ.എസ്.ഇ.ബി.എൽ.) ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്ന് സർജറിക്ക് വിധേയനായതിനാൽ 31.12.2017 തീയതി വച്ച് സ്വയം വിരമിക്കലിനുള്ള അപേക്ഷ ശ്രീ. പി.സി. ജോർജ്ജ് എം.എൽ.എ. - യുടെ ശുപാർശ കത്തിനൊപ്പം വൈദ്യുതി വകുപ്പ് മന്ത്രിയുടെ വി.ആർ.എസ്. പരിഗണിക്കാവുന്ന താണെന്ന കുറിപ്പോടെ വൈദ്യുതി ബോർഡ് ചെയർമാന് നൽകുകയുണ്ടായി. (പകർപ്പ് അനുബന്ധം I ചേർത്തിരിക്കുന്നു).<br>ടി. അപേക്ഷ പരിഗണിച്ച് ശ്രീ. തോമസ്. ജോർജിന് 31.12.2017 തീയതി വച്ച് സ്വയം വിരമിക്കൽ നടത്തുന്നതിന് വേണ്ട ഉത്തരവ് ഇറക്കുന്നതിനുള്ള നടപടികൾ കേരള സർവ്വീസ് റൂൾസിൻറെ (ഭാഗം മൂന്ന്) റൂൾ 56 പ്രകാരം എടുത്തിട്ടുള്ളതാണ്. ശ്രീ. തോമസ്. ജോർജിൻറെ സ്വയം വിരമിക്കൽ അപേക്ഷ പരിഗണനയിൽ ഉള്ളപ്പോൾ ടി. യാൻ സ്വയം വിരമിക്കൽ 31.12.2017 തീയതിക്ക് പകരം 31.01.2018 തീയതിയിലേക്ക് മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി.സി. ജോർജ്ജ് എം.എൽ.എ. - യുടെ ശുപാർശ കത്ത് പ്രകാരം വീണ്ടും 29.12.2017 - ൽ അപേക്ഷ നൽകിയിട്ടുള്ളതാണ്.<br>സ്വയം വിരമിക്കലായാലും റിട്ടയർമെന്റായാലും NLC നിർബന്ധമാണ്. ശ്രീ. മണിലാൽ, ലാൽ ബിൽഡിങ്ങ്, കുളത്തൂർ എന്നയാൾ ശ്രീ. തോമസ്. ജോർജിനെതിരെ നൽകിയ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് കേസ് ഡയറക്ടർ വിജിലൻസ് & ആൻറി കറപ്ക്ഷൻ ബ്യൂറോക്ക് അയച്ചു കൊടുത്തതായും ആയതിന് അന്വേഷണം നടക്കുകയാണെന്നും |

| | |
|---|---|
| സി. ആവശ്യപ്പെട്ടതിന്റെ മാനദണ്ഡം എന്തെന്നും, ഇങ്ങനെ എൻ.എൽ.സി. ആവശ്യപ്പെടുവാൻ കെ.എസ്.ഇ.ബി.യുടെ ഏതെങ്കിലും ഉത്തരവുണ്ടോ എന്നും വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;<br>(സി) സ്വയം വിരമിക്കലിന് നിലവിൽ ജോലിചെയ്തുകൊണ്ടിരിക്കുന്ന നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും എൻ.എൽ.സി. ആവശ്യപ്പെട്ടത് ഏത് ഉദ്യോഗസ്ഥന്റെ തീരുമാനപ്രകാരമാണെന്ന് പേരു സഹിതം വ്യക്തമാക്കാമോ; ടി കാരണത്താൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ വോളന്ററി വിരമിക്കൽ മുടങ്ങിയ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ഡി)ബഹു. വകുപ്പ് മന്ത്രി നൽകിയ അനുകൂല ഉത്തരവ് പ്രകാരം ടി ഉദ്യോഗസ്ഥനെ വോളന്ററിയായി വിരമിക്കാൻ അനുവദിക്കാതെ, നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും എൻ.എൽ.സി. ആവശ്യപ്പെട്ടതിലൂടെ സ്വയം വിരമിക്കൽ നടപ്പിലാക്കാനാവാത്തകാര്യം കെ.എസ്.ഇ.ബി.ലിമിറ്റഡ് .,സി.എം.ഡി.യുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലേയ്ക്കായി നടത്തിയ കത്ത് ഇടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | നാളിതുവരെ തീർപ്പ് കല്പിച്ചിട്ടില്ലെന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ചീഫ് വിജിലൻസ് ഓഫീസർ അറിയിച്ചിട്ടുണ്ട്.<br>എന്നാൽ 22.01.2018 - ൽ ശ്രീ. തോമസ്. ജോർജ്ജ് ടി. യാന് സ്വയം വിരമിക്കൽ ആവശ്യമില്ലെന്നും യഥാർത്ഥത്തിൽ സർവ്വീസിൽ നിന്നും പിരിയേണ്ട തീയതിയായ 28.02.2018-ൽ പിരിഞ്ഞു പോകാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി.സി. ജോർജ്ജ് എം.എൽ.എ. - യുടെ ശുപാർശ കത്തോടുകൂടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുബന്ധം II ആയി ചേർത്തിരിക്കുന്നു.<br>ആയതിനാൽ ടിയാന്റെ സർവ്വീസ് ബുക്കും അനുബന്ധരേഖകളും സൂപ്പർ ആനുവേഷൻ പെൻഷൻ ഉത്തരവിറക്കുന്നതിലേക്കായി കെ.എസ്.ഇ.ബി. എൽ-ലെ പെൻഷൻ അനുവദിക്കുന്ന സെക്ഷനു കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

No.MLA-PNJR/GP/261/17-18

No.6956/VIP/2017

To

തിരുവനന്തപുരം

22.11.2017

**The Hon'ble Minister for Electricity**
Govt. of Kerala, Thiruvananthapuram

**Respected Minister,**

Sub: K.S.E. Board ൽ നിന്നും ഡെപ്യൂട്ടേഷനായി ഇപ്പോഴും എന്റെ പി.എ. ആയി, 18 വർഷക്കാലമായിവളരെനല്ല നിലയിൽ ജോലി നോക്കിവരുന്ന, ശ്രീ.തോമസ്ജോർജ്ജിന് (അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ഇ.ബി) പെട്ടെന്ന് ഉണ്ടായ ശ്വാസകോശസംബന്ധമായഅസുഖത്താൽ ചെന്നൈയിലുള്ള, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ശ്വാസകോശസംബന്ധമായ ഓപ്പറേഷന് വിധേയമാക്കിയ പ്രകാരം സുഖമില്ലാത്തതിനാൽ, 20.02.2018 വരെ പൂർണ്ണവിശ്രമം വേണമെന്ന് ഡോക്ടർ സർട്ടിഫിക്കറ്റ് നൽകി നിർദ്ദേശിച്ചതിനാൽ 28.02.2018 ന് പെൻഷനാകേണ്ട ടിയാന് രണ്ട്മാസംമുമ്പ് 31.12.2017 തീയതി വച്ച് സ്വയംവിരമിക്കാൻ (വോളന്ററിയായി വിരമിക്കാൻ) ആവശ്യമായ പ്രത്യേക ഉത്തരവ് ബഹു. മന്ത്രിയുടെ പക്കൽ നിന്നും നൽകി സഹായിക്കുന്നതിനെ സംബന്ധിച്ച്;

Ref: എന്റെ പി.എ. ശ്രീ. തോമസ് ജോർജ്ജിന്റെ 22.11.2017 ലെ സ്വയംവിരമിക്കൽ അപേക്ഷയും, മെഡിക്കൽ റെക്കോർഡുകളും, മെഡിക്കൽ സർട്ടിഫിക്കറ്റുകളും ,മറ്റും;

സൂചന പ്രകാരമുള്ള എന്റെ പി.എ. ശ്രീ. തോമസ് ജോർജ്ജിന്റെ വോളന്ററിയായി വിരമിക്കുന്നതിനായിട്ടുള്ള, ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേക അനുമതിക്കായുള്ള അപേക്ഷ എന്റെ ഈ കത്തിനോടൊപ്പം സമർപ്പിക്കുന്നു. ടിയാൻ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ നിന്നും ഡെപ്യൂട്ടേഷനായി എന്റെ കൂടെ പി.എ. ആയി വളരെ നല്ലനിലയിൽ 18 വർഷക്കാലമായി ജോലി നോക്കിവരുന്ന, 36 വർഷത്തിൽ കൂടുതൽ സർവ്വീസ് പൂർത്തീകരിച്ച ശ്രീ. തോമസ് ജോർജ്ജിന് പെട്ടെന്ന് ശ്വാസകോശത്തിൽ ഫ്ളൂയിഡ് കെട്ടി സുഖമില്ലാതെ വന്നതിനാൽ, വിദഗ്ധ ചികിത്സാർത്ഥം തിരുവനന്തപുരം PRS ആശുപത്രിയിൽ നിന്നും നിർദ്ദേശിച്ച പ്രകാരം ചെന്നൈയിലുള്ള വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ ചികിത്സ തേടി 24.08.2017 ൽ ശ്വാസകോശ സംബന്ധമായി ഓപ്പറേഷൻ നടത്തിയിട്ടുള്ളതാണ്. ഇക്കാരണത്താൽ ഇപ്പോഴും ടിയാൻ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് ആശുപത്രിയിലും, തിരുവനന്തപുരം PRS ആശുപത്രികളിലുമായി ചികിത്സ തുടരുകയാണ്.

ശ്രീ. തോമസ് ജോർജ്ജ് പെൻഷനാകേണ്ട യഥാർത്ഥ തിയതി 28.02.2018 ആണ്. 20.02.2018 വരെ പരിപൂർണ്ണ വിശ്രമം എടുക്കുവാൻ ഡോക്ടർ സർട്ടിഫിക്കറ്റ് നൽകി നിർദ്ദേശിച്ചിരിക്കുകയാണ്. ആയതിനാൽ എന്റെ ഈ കത്തിനോടൊപ്പമുള്ള ടിയാന്റെ അപേക്ഷയും, മെഡിക്കൽ റിക്കാർഡുകളും അനുഭാവപൂർവ്വം പരിഗണിച്ച് 31.12.2017 ൽ വോളന്ററിയായി വിരമിക്കുന്നതിനാവശ്യമായ പ്രത്യേക ഉത്തരവ് നൽകി സഹായിക്കണമെന്ന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

പി. സി. ജോർജ്ജ് 24/11/17

Encl. ശ്രീ. തോമസ് ജോർജ്ജിന്റെ അപേക്ഷയും, ചികിത്സയുടെ വിശദാംശങ്ങളും മറ്റും

Copy to:
**The Secretary, Kerala Legislature Secretariat,** Thiruvananthapuram for favour of kind information and necessarv action

ന.ന.സം- ധ

P. C. GEORGE

Thiruvananthapuram

MLA-PNJR/MLA/GP/315/2017-18 date 22-01-2018

DATE 22-01-2018

To

**The Secretary**
Board Secretariat
Vydyuthi Bhavanam, KSEB Ltd, Pattom
Thiruvananthapuram

**Dear Secretary,**

വിഷയം: എന്റെ പി.എ ശ്രീ. തോമസ് ജോർജ്ജിന്റെ സർവ്വീസിൽ നിന്നും വിരമിക്കൽ നടപടി ശരിയായ തീയതിയായ 28-02-2018-ൽ തന്നെ ആയിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനെ സംബന്ധിച്ച്.

സൂചന: ശ്രീ. തോമസ് ജോർജ്ജിന്റെ പ്രിയ സെക്രട്ടറിക്കുള്ള 20-01-2018-ലെ അപേക്ഷ.

DS(A)

SECRETARY (ADMINISTRATION) KERALA STATE ELECTRICITY BOARD LTD.

എന്റെ പി.എ ശ്രീ. തോമസ് ജോർജ്ജിന്റെ പ്രിയ സെക്രട്ടറിക്കുള്ള 20-01-2018-ലെ അപേക്ഷ എന്റെ ഈ കത്തിനോടൊപ്പം വയ്ക്കുന്നു. ടി അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് സർവ്വീസിൽ നിന്നും പിരിയേണ്ട ശരിയായ തീയതിയായ 28-02-2018-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിലേക്കാവശ്യമായ അനുകൂല നടപടികൾ സ്വീകരിക്കണമെന്ന് താൽപര്യപ്പെടുന്നു.

Yours sincerely,

P. C. George

Copy to : **The Secretary**, Kerala Legislature Secretariat, for kind information and necessary action.

From

**Thomas George**
P A To Shri. P. C. George MLA
(Accounts Officer, KSEB Ltd.)
Karuvelil Puthenpurayil, MRA 80 A
TC. 10/948 (8), Mannammoola
Peroorkada. P.O, Thiruvananthapuram

To

**The Secretary**
Board Secretariat
Vydyuthi Bhavanam, KSEB Ltd, Pattom
Thiruvananthapuram

**Sir,**

വിഷയം: കെ.എസ്.ഇ ബോർഡിൽ നിന്നും ഡെപ്യൂട്ടേഷനായി ശ്രീ. പി.സി. ജോർജ്ജ് എം. എൽ.എയുടെ പി.എ ആയി ജോലി നോക്കിവരുന്ന ഞാൻ സുഖമില്ലാത്തതിനാൽ വോളന്ററിയായി വിരമിക്കാൻ അപേക്ഷ നൽകിയെങ്കിലും പല കാരണങ്ങളാൽ സാധിക്കാതെ വന്നതിനാൽ വെളിയിൽപോയി ചികിത്സ നടത്തേണ്ട കാര്യത്തിന് മാറ്റം വരുത്തേണ്ടിവന്നതിനാൽ - എനിക്ക് നിയമാനുസരണം പെൻഷനാവേണ്ട തീയതിയായ 28-02-2018-ൽ വിരമിക്കുന്നതിനാവശ്യമായ നടപടിസ്വീകരിച്ച്സഹായിക്കുന്നതിനെ സംബന്ധിച്ച്.

സൂചന: ബോർഡ് സെക്രട്ടേറിയറ്റ് ഫയൽ നം. Estt IV/3172/2016

എനിക്ക് ശ്വാസകോശ സംബന്ധമായി പെട്ടെന്ന് സുഖമില്ലാതെ വന്ന് സി.എം.സി ഹോസ്പിറ്റൽ, വെല്ലൂരിൽ ശസ്ത്രക്രിയക്ക് വിധേയനായിരുന്നു. ഈ കാരണത്താൽ കൂടുതൽ ചിതിത്സയ്ക്കും മറ്റുമായി ഞാൻ വോളന്ററിയായി വിരമിക്കാൻ അപേക്ഷ സമർപ്പിച്ച പ്രകാരം സൂചന പ്രകാരമുള്ള ഫയൽ അവിടുത്തെ ഓഫീസിൽ ഉള്ളതാകുന്നു. വോളന്ററിയായി വിരമിക്കുന്നതിലേക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടായതിനാൽ മുൻ നിശ്ചയിച്ച പ്രകാരം വെളിയിൽ കൂടുതൽ ചികിത്സയ്ക്ക് പോകുന്നതിലേക്കുള്ള കാര്യങ്ങൾക്ക് മാറ്റം വരുത്തേണ്ടി വന്നതിനാലും കൂടാതെ ഇനിയും ശരിയായ വിരമിക്കലിന് ഒരു മാസക്കാലം മാത്രമേ ഉള്ളതിനാലും, ശരിയായ കാലാവധിയായ 28-02-2018-ൽ വിരമിക്കുന്നത് ഉചിതമാണെന്നുള്ളതിനാൽ എന്റെ ഈ അപേക്ഷയിൽ അനുകൂലമായ നടപടികൾ സ്വീകരിച്ച്സഹായിക്കണമെന്ന് താൽപര്യപ്പെടുന്നു.

Yours sincerely,,

Thiruvananthapuram
20-01-2018

**Thomas George**

കോപ്പി : **ബഹുമാനപ്പെട്ട സെക്രട്ടറി,** കേരള ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
അവിടുത്തെ അറിവിലേക്കും അനന്തര നടപടികൾക്കുമായും